# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 23/ 06/ 2018


# ബൈക്ക് മോഷണം പ്രതി അറസ്റ്റിൽ.

കൊല്ലം :- മോഷണം ചെയ്തെടുത്ത ബൈക്കിൽ അതെ ഇനത്തിൽപെട്ട മറ്റൊരു വാഹനത്തിൻറെ നമ്പർ പ്ലേറ്റ് ഉപയോഗിച്ച് കൊല്ലം നഗരത്തിലും പരിസര പ്രദേശങ്ങളിലും വിലസിവന്ന ഒരു വിരുതനെ കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ഡോ: അരുൾ ബി കൃഷ്ണ IPS ന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് ഷാഡോ പോലീസും കൊല്ലം ഈസ്റ്റ് പോലീസും ചേർന്ന് അറസ്റ്റ് ചെയ്തു. കൊല്ലം ആയത്തിൽ കാഞ്ഞിരം വിള ക്ഷേത്രത്തിന് സമീപം സ്നേഹ നഗറിൽ സമദിൻറെ മകന് സജാദ്(23) ആണ് പോലീസ് പിടിയിലായത്. ഇന്നലെ രാത്രി കൊല്ലം ആശ്രാമം ലിങ്ക് റോഡിൽ വാഹന പരിശോധനക്കിടെയാണ് ഇയാൾ പിടിയിലായത്. ഇയാളുടെ പക്കൽ നിന്നും മോഷണം ചെയ്തെടുത്ത രണ്ടു ബൈക്കുകളും പോലീസ് കണ്ടെടുത്തിട്ടുണ്ട്. ബീഹാർ സ്വദേശിയായ ഇയാൾ വർഷങ്ങളായി കുടുംബ സമേതം കൊല്ലത്ത് താമസിച്ചു വരികയായിരുന്നു


സജാദ് (23)

രണ്ടു മാസം മുൻപ് തിരുവനന്തപുരം ജില്ലയിൽ മെഡിക്കൽ കോളജിന് സമീപം ഒരു വീട്ടിൽ നിന്നും മോഷണം ചെയ്തെടുത്ത റോയൽ എൻഫീൽഡ് ഇനത്തിൽപെട്ട ബൈക്ക് നമ്പർ പ്ലേറ്റ് മാറ്റി ഇയാൾ ഉപയോഗിച്ച് വരികയായിരുന്നു. ഇയാളുടെ മറ്റു സംഘാഗംങ്ങളെ വിവരം ലഭിച്ചിട്ടുണ്ടെന്നും വരും ദിവസങ്ങളിൽ കൂടുതൽ പേർ അറസ്റ്റിലാകുമെന്നും പോലീസ് അറിയിച്ചു.

കൊല്ലം ACP പ്രദീപ് കുമാർ , കൊല്ലം ഈസ്റ്റ് എസ് എച്ച് ഓ മഞ്ജു ലാൽ കൊല്ലം ഈസ്റ്റ് എസ് ഐ പ്രശാന്ത് , അബ്ദുൾ റഹ്മാൻ, ഷാഡോ എസ് ഐ വിപിൻ കുമാർ, എസ് സിപിഒ അനൻ ബാബു ,ഓമന കുട്ടൻ , ഷാഡോ പോലീസുകാരായ ഹരിലാൽ, സീനു, സജു, മനു ,മണികണ്ഠൻ എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.